"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി - തൃശ്ശൂർ ജില്ല - കുന്നംകുളം മുൻസിപ്പാലിറ്റി - 'Anjoor Parkkady Ambalanada road' - പ്രവൃത്തിയുടെ ഭരണാനുമതി പുനഃസ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി)വകുപ്പ്**

സ.ഉ.(കൈ) നം.95/2023/LSGD തീയതി,തിരുവനന്തപുരം, 17-04-2023

---

പരാമർശം:-

1. 13.02.2021 തീയതിയിലെ സ.ഉ.(സാധാ) നം.402/2021/തസ്വഭവ ഉത്തരവ്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.11.2022 തീയതിയിലെ DB4/8834/20/CMLRRP/CE/LSGD നമ്പർ കത്ത്.
3. 02.12.2022 തീയതിയിലെ സ.ഉ.(കൈ) നം.263/2022/തസ്വഭവ ഉത്തരവ്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.03.2023 തീയതിയിലെ LSGD/PD/13138/2023-DB4 നമ്പർ കത്ത്.

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ല, കുന്നംകുളം മുൻസിപ്പാലിറ്റിയിലെ "Anjoor Parkkady Ambalanada road" എന്ന പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

ടി പ്രവൃത്തി റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം ടി പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

10.08.2021 ന് കരാർ ഉറപ്പിച്ച ടി പ്രവൃത്തി, റോഡിന്റെ അതിർത്തി സംബന്ധിച്ച തർക്കം നിലനിന്നതിനാൽ പൂർത്തിയാക്കുവാൻ കഴിയാത്ത സാഹചര്യം പരിഗണിച്ചാണ് റദ്ദ് ചെയ്തതെന്നും നഗരസഭയുടെ ഇടപെടൽ മൂലം അതിർത്തി പ്രശ്നം പരിഹരിച്ച് നിലവിൽ ടി പ്രവർത്തിയുടെ 40 % പൂർത്തീകരിച്ചതായി കുന്നംകുളം മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതായും, ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട തർക്കം പരിഹരിച്ചത് പരിഗണിച്ചും പൊതുഗതാഗതത്തിന് പ്രയോജനമാകുമെന്നത് പരിഗണിച്ചും 40% പ്രവൃത്തി പുരോഗമിച്ച സാഹചര്യത്തിൽ കരാറുകാരൻ കോടതി വ്യവഹാരങ്ങളിലേക്ക് പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ടി പ്രവൃത്തി പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (4) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം റദ്ദ്

ചെയ്ത മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട തൃശ്ശൂർ ജില്ല, കുന്നംകുളം മുൻസിപ്പാലിറ്റിയിലെ "Anjoor Parkkady Ambalanada road" എന്ന പ്രവൃത്തിയുടെ 20 ലക്ഷം രൂപയുടെ ഭരണാനുമതി പുനഃസ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്</u>

ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി, കുന്നംകുളം മുനിസിപ്പാലിറ്റി
എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുന്നംകുളം മുനിസിപ്പാലിറ്റി, തൃശ്ശൂർ.
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫോർമേഷൻ കേരള മിഷൻ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju.l.s.
സെക്ഷൻ ഓഫീസർ
Date: 17-04-2023 13:01:26